LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1970

(Second Meeting)

Friday, the 27th February, 1970.

The Assembly met in the Assembly Chamber, Trivandrum, at Nine of the Clock on Friday, the 27th February, 1970, with Mr. Speaker in the Chair.

SUPPLEMENTARY FINANCIAL STATEMENT FOR 1969-70

Mr. Speaker : Order, order. Now the Finance Minister will lay on the Table the Supplementary Financial Statement for the year 1969-70.

Dr. George Thomas : Sir, before the presentation of the Budget, I would like to draw your attention to a very important matter.

സർ, ശ്രീ. മന്നത്തു പത്മനാഭൻ ഈ സഭയിലെ വളരെ പ്രമുഖനായ ഒരു അംഗമായിരുന്നു. അതുമാത്രമല്ല, അദ്ദേഹം കേരളത്തിലെ അനേകലക്ഷം ജനങ്ങളുടെ ആരാധനാപാത്രവുമാണ്. അദ്ദേഹം കഴിഞ്ഞ ദിവസം നിര്യാതനായി. അദ്ദേഹത്തിന്റെ മൃതദേഹം ശവദാഹത്തിനു ചന്ദനാശ്ശേരിയിൽ സൂക്ഷിച്ചിരിക്കുകയാണ്. ശവദാഹം ഇന്നു നാലുമണിക്കു മാത്രമേ നടക്കുകയുള്ളു. കേരളത്തിലാകമാനം ദുഃഖകരമായ സ്ഥിതിവിശേഷമുള്ള ഈ അവസരത്തിൽ പ്രത്യേകിച്ചും ജനങ്ങളുടെ വികാരങ്ങളെ മാനിച്ചുകൊണ്ട് ഗവൺമെന്റ് ഒരു പൊതു ഒഴിവുദിവസമായി പ്രഖ്യാപിച്ചിരിക്കുന്ന ഇന്ന്, ഈ നിയമസഭ കൂടുന്നത് അനുചിതമാണ് എന്നാണ് എന്റെ അഭിപ്രായം.

അതുകൊണ്ട് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്, ഇന്നു ഈ ബഡ്ജറ് അവതരിപ്പിക്കുന്നതിനുപകരം നിര്യാതനായ ശ്രീ. മന്നത്തു പത്മനാഭനെപ്പറ്റി റഫറൻസ് നടത്തിയിട്ടു സഭ പിരിയുകയും, അദ്ദേഹത്തിന്റെ ശവദാഹകർമ്മത്തിൽ സംബന്ധിക്കുന്നതിന് അംഗങ്ങൾക്കു സൗകര്യം കൊടുക്കണമെന്നുമാണ്. അങ്ങ് ഈ നിർദ്ദേശം കാര്യമായി പരിഗണിക്കുമെന്നും സ്വീകരിക്കുമെന്നും ഞാൻ പ്രത്യാശിക്കുന്നു.

ശ്രീ. കെ. കെ. അബു: മറ്റൊരു പ്രധാനപ്പെട്ട കാര്യം എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ ബഡ്ജറ് അവതരിപ്പിക്കാൻ പോകുകയാണ്. അദ്ദേഹം രാജിവച്ചതായി മിക്കവാറും പത്രങ്ങളിൽ കാണുന്നുണ്ട്. അദ്ദേഹത്തിന്റെ മനസ്സാക്ഷി

യോട് ഒന്നു ചോദിക്കാനുള്ളത്, എതെങ്കിലും ഡോക്കുമെൻറിൽ അദ്ദേഹം ഒപ്പിട്ടു കൊടുത്തിട്ടുണ്ടോ എന്നാണ്? ഉണ്ടെങ്കിൽ ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നതു ശരിയാണോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ശ്രീ. ശേഷൻ രാജിവച്ചതായി പത്ര റിപ്പോർട്ടുകളുണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റെ പാർട്ടി 23-ാം തീയതിക്കകത്ത് അദ്ദേഹം രാജിവയ്ക്കണമെന്ന്, അദ്ദേഹത്തോട് ആവശ്യപ്പെട്ടിട്ടുള്ളതായി പത്രറിപ്പോർട്ടുകളുണ്ടായിരുന്നു. അദ്ദേഹം പാർട്ടിക്ക് രാജിക്കത്ത് കൊടുത്തിട്ടുള്ള വിവരം പത്രങ്ങളിൽ വന്നിട്ടുണ്ട്. അങ്ങനെ രാജിവച്ച ഒരു മന്ത്രി, മന്ത്രിയെന്നുള്ള നിലയിൽ ഈ ബഡ്ജറ്റ് അവതരിപ്പിക്കാൻ പാടില്ലാത്തതാണ്. ബഡ്ജറ്റിനു മറുപടി പറയുക തുടങ്ങിയുള്ള കാര്യങ്ങൾ കൊല്ലാം ചുമതലപ്പെട്ട ഒരു മന്ത്രി, രാജിവച്ചതിനുശേഷം ബഡ്ജറ്റ് അവതരിപ്പിക്കാൻ പാടില്ലാത്തതാണ്.

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): ഇതിന്റെ സാങ്കേതിക വശങ്ങളിലേക്കു കടക്കേണ്ട കാര്യമില്ല. എന്നാൽ ഒരു വസ്തുത സഭയെ അറിയിക്കേണ്ട ആവശ്യമുണ്ട്. ബഹുമാനപ്പെട്ട ശേഷൻ ഈ നിമിഷംവരെ രാജിവച്ചിട്ടില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറൻമാരായ രാമകൃഷ്ണനും, അബുവും ചോദിച്ച കാര്യത്തെ സംബന്ധിച്ചിടത്തോളം ശ്രീ. ശേഷൻ രാജിവച്ചിട്ടില്ലെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞുകഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക് ആ പ്രശ്നം ഉന്നയിക്കേണ്ട കാര്യമുണ്ടെന്നു തോന്നുന്നില്ല.

നമ്മളെല്ലാം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന മന്നത്തു പത്മനാഭന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട്, ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുള്ള സമയം മാറ്റിവച്ച് ഇന്നു സഭ പിരിയണമെന്നുള്ള അഭിപ്രായം ഇവിടെ ശ്രീ. ജോർജ് തോമസ് പ്രകടിപ്പിക്കുകയുണ്ടായി. തീർച്ചയായും അദ്ദേഹം പറഞ്ഞതുപോലെ ശ്രീ. മന്നത്തു പത്മനാഭനും, അതുപോലെ സുഗതൻസാറും മരിച്ചിട്ടുണ്ട്, അതേപ്പറ്റിയും റഫറൻസ് നടത്തണമെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ എന്നോട് ആവശ്യപ്പെടുകയുണ്ടായിട്ടുണ്ട്. ഈ കാര്യങ്ങളെപ്പറ്റിയെല്ലാം ഞാൻ അവഗാഢമായി ആലോചിച്ചു. ഇന്നലെ ഉച്ചതിരിഞ്ഞാണ് ഇന്ന് ഒഴിവു ദിവസമായി പ്രഖ്യാപിച്ചത്. ഈ സന്ദർഭത്തിൽ സാങ്കേതികമായ ബുദ്ധിമുട്ടുകളുണ്ട്, ഈ നിയമസഭാസമ്മേളനം മാറ്റിവയ്ക്കുന്നതിനുവേണ്ടി. ആ ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുകൊണ്ട് സമ്മേളനം ഇന്നു നടത്താതിരിക്കാൻ സാദ്ധ്യമല്ലെന്നുള്ള നിഗമനത്തിലാണ് എത്തിയത്. എങ്കിലും ബഹുമാന്യനായ മന്നത്തു പത്മനാഭനെ സംബന്ധിച്ചിടത്തോളം സഭയിലുള്ള എല്ലാ ആളുകൾക്കും ജോർജ്ജുതോമസിനുള്ളതുപോലുള്ള സ്നേഹാദരങ്ങളുണ്ട്. അതിനെ ആസ്പദമാക്കിക്കൊണ്ട് ഈ സഭയിൽ റഫറൻസ് നടത്തണമെന്നും, ഒരു തിങ്കളാഴ്ച ആകാമെന്നുമാണ് വച്ചിരിക്കുന്നത്. അതുമാത്രമേ ഇപ്പോൾ പറയാനുള്ളൂ.

Now the Finance Minister may lay on the Table the Supplementary Financial Statement.

Minister for Finance (**Shri N. K. Seshan**) : Sir, I lay on the Table the Supplementary Financial Statement for the year 1969-70.

Mr. Speaker : The Supplementary Financial Statement for the year 1969-70 is presented.

LIBRARY ARCHIVES Kerala Legislative Assembly